# പണിമുടക്കം

കേസരി എ. ബാലകൃഷ്ണപിള്ള

നിയതകാലികമായി ആവർത്തിച്ചുവരുന്ന കലികാലം എന്ന ഒന്നുണ്ടെന്നും, അപ്പോൾ കല്ക്കി അവതരിച്ചു അന്നു നിലവിലിരിക്കുന്ന സമുദായഘടനയെ വിപ്ലവംമുഖേന തച്ചുടച്ചു പുതിയ ഒന്നു വാർക്കുമെന്നും, ഈ വാർപ്പുകാലത്ത് ആരാധിക്കുവാനുള്ള ദിവ്യൻ കുമാരനും, അനുസരിക്കുവാനുള്ള പ്രവർത്തന പരിപാടി ഈ കുമാരൻ നിർദ്ദേശിച്ചിരുന്നതുമാണെന്നും, ഉപബോധ മനസ്സിൽ കിടന്നിരുന്ന സൃഷ്ടിമുതല്ക്കുള്ള നരവംശചരിത്രസ്മരണനിമിത്തം പണ്ടത്തെ ഏഷ്യാനിവാസികൾ വിശ്വസിച്ചിരുന്നു. ഹിന്ദുപുരാണങ്ങളിലെ കലികാലം, കലിവർജ്ജ്യം, കല്ക്കിയവതാരം, സപ്തചിരംജീവികൾ എന്ന ആശയങ്ങളും, കലികാലത്ത് ആരാധിക്കേണ്ട ദേവൻ സുബ്രഹ്മണ്യനാണെന്നുള്ള നിർദ്ദേശവും, ഈ വിശ്വാസത്തെ ഉദാഹരിക്കുന്നുണ്ട്. പാരസികർ, ഗ്രീക്കുകാർ, ചീനർ, സുമേരിയന്മാർ, ഈജിപ്തുകാർ എന്നിവരുടെ ഇടയ്ക്കും സപ്തചിരംജീവികൾ, കല്ക്കിയവതാരം ആദിയായ ആശയങ്ങൾ പണ്ടു പ്രചരിച്ചിരുന്നു എന്നു ഗവേഷണം മുഖേന കണ്ടുപിടിക്കാൻ സാധിക്കും. ഹിന്ദുപുരാണങ്ങൾ പറയുന്ന കുമാരൻ, അഥവാ, (സു)ബ്രഹ്മണ്യൻ, പരശുരാമഗണേശന്റെ സോദരനല്ല, പിന്നെയോ രുദ്രസൃഷ്ടിക്കുമുമ്പുണ്ടായതായി ഈ പുരാണങ്ങൾ തന്നെ പ്രസ്താവിച്ചിട്ടുള്ള കുമാരസൃഷ്ടിയിൽ ഉൾപ്പെട്ടവനും, സനത്കുമാരൻ എന്ന പേരുമുള്ളവനുമായ ശിവപിതാവു സോമബ്രഹ്മാവുമാത്രമാണ്. കല്ക്കിയാകട്ടെ, ഹെർക്കുലിസ് (കൽക്കിലയൻ) എന്നു ഗ്രീക്കുകാരും, ഹോറസ്സെന്ന് ഈജിപ്ത്കാരും, എനോസ്സെന്ന് എബ്രായരും, (ആദി)മുസ്ലിമീങ്ങെന്നു പൂർവ്വ ഇസ്ലാംഅറബികളും, ത്രിവിക്രമവിഷ്ണുവെന്നു ഹിന്ദുക്കളും പേരിട്ടിരുന്ന ശിവപുത്രൻ പരശുരാമഗണേശനുമാണ്. അഞ്ഞൂറോ, അറുന്നൂറോ, വർഷങ്ങളുടേയും, ഇവയുടെ ഗുണനങ്ങളായ വർഷവട്ടങ്ങളുടേയും അന്തികാലങ്ങളിൽ കലികാലം വരും. ഇതിന്റെ മൂർദ്ധന്യാവസ്ഥ ഒരു വ്യാഴവട്ടം-പന്ത്രണ്ടുവർഷം-നിലനില്ക്കുകയും ചെയ്യും. ഈ ഗുണനവട്ടങ്ങളിൽ, 1500 വർഷവട്ടം അവസാനിക്കുമ്പോൾ ഒരു വലിയ വിപ്ലവമുണ്ടാകുമെന്നു പാർസികളുടെ പുരാണങ്ങളിൽനിന്നു മനസ്സിലാക്കാം. ഈ യുക്തിയനുസരിച്ച്, അഞ്ചു 1500 വർഷവട്ടങ്ങൾ -7500 വർഷം കഴിയുമ്പോൾ, ഇതിലും വലുതായ ഒരു വിപ്ലവമുണ്ടാകുമെന്നും പണ്ടുള്ളവർ വിശ്വസിച്ചിരുന്നതായി അനുമാനിക്കാം. ഈ എഴുപത്തിഅയ്യായിരത്തിലുള്ള വിശ്വാസം ആദിയിൽ ജനിച്ചതു പ്രാചീനർക്കു സുപരിചിതമായിരുന്നതും, 75ഓ 76ഓ വർഷത്തിലൊരിക്കൽ ആകാശത്തിൽ പ്രത്യക്ഷപ്പെടുന്നതുമായ ഹാല്ലീസ് കോമെറ്റ് എന്ന ധൂമകേതുവിന്റെ വർഷവട്ടത്തിൽനിന്നാണെന്നു വന്നേയ്ക്കാം. ആദ്യത്തെ കലിവർഷം കാശ്യപമന്വന്തരാരംഭമായ ബി.സി. 6156 എന്നതും, രണ്ടാമത്തേതു പരശുരാമഗണേശമന്വന്തരാരംഭമായ ബി.സി. 5556 എന്നതുമാണ്. തന്നിമിത്തം ആറ്റംബോംബു കണ്ടുപിടിച്ച എ.ഡി. 1944 പരശുരാമഗണേശമന്വന്തരാരംഭത്തിൽ നിന്ന് ഏഴായിരത്തിയഞ്ഞൂറു വർഷം അവസാനിക്കുന്ന കലിവർഷമാണ്. കലികാലത്ത് ആരാധിക്കേണ്ട ദിവ്യനായ സോമബ്രഹ്മാവിന്റെ മന്വന്തരാന്ത്യം ബി.സി. 5676-ൽ ആയിരുന്നു. ഇതിൽ നിന്ന് ഏഴായിരത്തിയഞ്ഞൂറു വർഷം കഴിഞ്ഞുവരുന്ന കൊല്ലം എ.ഡി. 1824 ആണല്ലോ. എ.ഡി. 1944 -ൽ തുടങ്ങുന്ന കലികാലത്ത് ആരാധിക്കേണ്ട ദിവ്യനായ കാറൽമാർക്സ് എ.ഡി. 1824-ന് ആറു വർഷം മുമ്പാണ് ജനിച്ചതും. ഇദ്ദേഹത്തിന്റെ പ്രവർത്തനപദ്ധതി നടപ്പിൽ വരുത്തിയ കല്ക്കി കലിവർഷമായ എ.ഡി. 1944-ന് ഇരുപതു വർഷംമുമ്പു മരണമടഞ്ഞ ലെനിനുമാകുന്നു.

താമ്രശിലായുഗപരിഷ്കാരത്തിന്റെ അസ്തിവാരം സ്ഥാപിച്ചവനാണ് സോമബ്രഹ്മാവ്. മനുഷ്യരുടെ ഭൗതികസുഖത്തിനു വേണ്ട ചില ഘടകങ്ങൾ, കൃഷി, പട്ടണസ്ഥാപനം, മദ്യതൈലവ്യവസായം, കുതിര മുതലായ മൃഗങ്ങളെ വാഹനങ്ങളും യുദ്ധോപകരണങ്ങളുമാക്കുക, ശത്രുക്കളെ ജയിച്ച് സമാധാനം കളിയാടുന്ന ഒരു രാജ്യം സ്ഥാപിക്കുക, വേലയുടെ മൂന്നോ, നാലോ നൈസർഗ്ഗി കപ്പിരിവുകളെ ആസ്പദിച്ചു മൂന്നോ, നാലോ സാമ്പത്തികജാതികൾ ഏർപ്പെടുത്തുക എന്നിവയാണല്ലോ. അവരുടെ മാനസികസുഖത്തിനു വേണ്ട ചില ഘടകങ്ങൾ, നൃത്തം സംഗീതം, ലിപിനിർമ്മാണം, കാലഗണനാപരിഷ്കാരം എന്നിവയുമാണ്. ഇവ ഇദംപ്രഥമമായി ലോകത്തു സ്ഥാപിച്ചവനാണ് സോമബ്രഹ്മാവ്. ഒരു സുവർണ്ണയുഗത്തിന്റെ സ്ഥാപകനെന്നു കേരളീയർ ഇന്നും സ്മരിച്ചുവരുന്ന മഹാബലിയാണിദ്ദേഹം. സംഗീതത്തിന്റെ സൃഷ്ടാവായ നാരദനെന്നും അർവന്തെന്നും (ഗന്ധർവ്വനായ ശിവന്റെ പിതാവ്), ച്യവനനെന്നും, ആത്രേയനെന്നും, സോമനെന്നും,

സുഗരനെന്നും, വ്രാത്യൻ (വേടൻ) എന്നും ഹിന്ദുക്കൾ ഇദ്ദേഹത്തിനു പേരിട്ടിരുന്നു. കൃഷിയാദിയായ പരിഷ്കാരത്തിന്റെ അടിക്കല്ലുകൾ പാവി ഒരു സുവർണ്ണയുഗം സൃഷ്ടിച്ച ദിവ്യനായി പ്രാചീനഇത്താലിയന്മാർ ആരാധിച്ചിരുന്ന സതുർണ്ണിയസും ഇദ്ദേഹംതന്നെ. ക്രോണസ് എന്നും ഡയോനീസസ്സെന്നും ഗ്രീക്കുകാരും, ആദം എന്ന് എബ്രായരും, വയിൽ (വലൻ, ബലി) എന്നു പൂർവ്വഇസ്ലാംഅറബികളും, ബെൽ എന്നു ബാബിലോണിയാക്കാരും, കെപ് എന്നു ഈജിപ്ത്കാരും (ആദി)യാമക്ഷേദനെന്നു പാരസികരും ഇദ്ദേഹത്തിനു പേരിട്ടിരുന്നു. ഭീമശിലകളെ വലിച്ചിഴച്ചു കൊണ്ടുവന്നു പട്ടണമതിലുകൾ കെട്ടുക, കാടുവെട്ടിത്തെളിയിച്ചു കൃഷിച്ചെയ്യുക, ശത്രുക്കളോടു പടവെട്ടുക, മുതലായ കായക്ലേശകരങ്ങളായ വേലകളെ ലഘുകരിക്കുകവാൻ പാട്ടും, നൃത്തവും, മിതമായ മദ്യപാനവും അത്യന്തം ഉപകരിക്കുന്നതാണ്. ചലനത്തിനും വികാരത്തിനും തമ്മിൽ കാര്യകാരണബന്ധമുണ്ടെന്നു മനശ്ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. പാട്ടിലും നൃത്തത്തിലും വികാരമല്ലാതെ, ചലനത്തെ നിയന്ത്രിക്കുന്ന വിചാരം ഉണ്ടായിരിക്കുന്നതല്ല. വികാരവായ്പിന്റെ ബഹിർഗമനം മന്ത്രംപോലെയും, പിച്ചും പേയും ആവർത്തിച്ചുപറയുന്നതുപോലെയുമിരിക്കും. പാട്ടും നൃത്തവും കലർന്ന കാവ്യങ്ങൾ ആദിയിൽ പലരും കൂടിച്ചേർന്നാണ് -രചിച്ചതെന്നു 'കടത്തുവഞ്ചി'യുടെ അവതാരികയിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. പാട്ടും നൃത്തവും സ്ഥാപിച്ച സോമബ്രഹ്മാവിന്റെ പതിവു വിഗണിച്ചു പുത്രൻ ശിവൻ വിചാരാംശം പാട്ടിനോടു കലർത്തി ചെത്തിമിനുക്കി ആദികാവ്യം സൃഷ്ടിക്കുകയുണ്ടായി. ആദിവാത്മീകിയും, കവി ഉശനസും, സപ്തർഷിയും ശിവനാണ്. സോമബ്രഹ്മാവിനു ഡയോനീസസ്സെന്നും, ശിവന് അപോല്ലോ എന്നും ഗ്രീക്കുകാർ പേരിട്ടിരുന്നതുനിമിത്തം, വികാരപ്രധാനമായ കാവ്യത്തിനു ഡയോനീസ്യൻ കാവ്യമെന്നും, വിചാരപ്രധാനമായതിന് അപൊല്ലോനിയൻകാവ്യമെന്നും പാശ്ചാത്യർ പേരുകൾ നൽകി. ശിവന്റെ സപ്തർശിയെന്ന ഭാരതീയനാമത്തിൽനിന്നു അപൊല്ലോനിയൻ കാവ്യത്തിന് അനാർഷമെന്നും നമുക്കു പേരിടാം; കല വിചാരത്തിന്റെ അവ്യവഹിതവും പ്രാഥമികവുമായ രൂപമാണെന്നും, വികാരത്തിന്റെ സഹജാവബോധേനയുള്ള ഗ്രഹണമോ, അതിന്റെ ആവിഷ്ക്കരണമോ അല്ല കലയെന്നും, കല വെറും വികാരമാണെന്നും തന്റെ 'കലയുടെ തത്വജ്ഞാനം' എന്ന കൃതിയിൽ സുപ്രസിദ്ധനായ ഇത്താലിയൻ ചിന്തകൻ ജെൻടൈൽ ചൂണ്ടിക്കാണിച്ചിരുന്നതും ഇവിടെ സ്മരണീയമാണ്.

ഐതരേയബ്രാഹ്മണത്തിൽ ഐതസനെന്നു പേരുള്ള ഒരു മുനിയുടെ കഥ പറഞ്ഞിട്ടുണ്ട്. ഇദ്ദേഹം അർത്ഥശൂന്യമായ ചില മന്ത്രങ്ങൾ ഉച്ചരിച്ചുതുടങ്ങിയപ്പോൾ, പുത്രന്മാരിലൊരുത്തനായ അഭ്യഗ്നിപിതാവിനു കിറുക്കു പിടിച്ചു എന്നു ഭയന്ന് അദ്ദേഹത്തിന്റെ വായ് പൊത്തുകയും, അപ്പോൾ ഐതസൻ കോപിച്ച് അഭ്യഗ്നിയേയും തൽസന്താനങ്ങളേയും ശപിക്കുകയും ചെയ്തു എന്നാണ് ഈ കഥ. ഇതിലെ ഐതസൻ (ഗ്രീക്കുകാരുടെ ഒരു വായുദേവനായ ഏതേസ്) അഗ്നിമരുത്തെന്നു പേരുംകൂടിയുള്ള സോമബ്രഹ്മാവും, അഭ്യഗ്നി ആദിജമദഗ്നിയെന്ന നാമവുംകൂടിയുള്ള ശിവനുമാണ്. പിതൃശാപം ഹേതുവായി കവിയായ ശിവന് അനുജനിൽനിന്ന് ആപത്തും ദുഃഖവുമുണ്ടായി. യഥാർത്ഥകവിവർഗ്ഗക്കാർക്കു സാധാരണയായി ദുഃഖാനുഭവങ്ങൾ ഏറിയിരിക്കുന്നത് ഈ ബ്രഹ്മശാപം നിമിത്തമായിരിക്കുമോ? സോമബ്രഹ്മാവായ ച്യവനനു സാധിക്കാതെ വന്ന ശുദ്ധകാവ്യസൃഷ്ടി പുത്രനായ ആദിവാത്മീകി നിർവഹിച്ചു എന്നു,

"വാത്മീകിനാദശ്ച സസർജ്ജ പദ്യം
ജഗ്രന്ഥയന്നച്യവനോ മഹർഷിഃ
ചികിത്സിതം യച്ച ചകാര നാത്രി
പശ്ചാത്തദാത്രേയഋഷിർജഗാദ"

എന്ന അശ്വഘോഷന്റെ ബുദ്ധചരിതശ്ലോകത്തിലെ ആദ്യത്തെ രണ്ടുവരികളിൽ പറഞ്ഞിരിക്കുന്നു. ഐതസന്റേയും അഭ്യഗ്നിയുടേയും കഥതന്നെയാണ് ഇതും സൂചിപ്പിക്കുന്നത്. ലോകമെങ്ങും വിപ്ലവം നടമാടുന്ന ഇന്നു പാട്ടുകാവ്യത്തിനു ശുദ്ധകാവ്യത്തെ അപേക്ഷിച്ചുള്ള മുകളിൽ സൂചിപ്പിച്ച മേന്മ ഗ്രഹിച്ചതുനിമിത്തമാണ്' റഷ്യയിൽ ഗായകമഹാകവി മയോക്കോവ്സ്ക്കിയും, കേരളത്തിൽ മഹാകവി ചങ്ങമ്പുഴയും വികാരം ഓളംവെട്ടുന്ന പാട്ടുകാവ്യങ്ങൾ നിർമ്മിക്കുന്നത് ഒരു പതിവാക്കിയത്. മയോക്കോവ്സ്ക്കി ഒരു കവിയല്ല, ഒരു ഡ്രംമേജർ (ബാൻഡുമാസ്റ്റർ) മാത്രമാണെന്നു പല ഇംഗ്ലീഷ് നിരൂപകരും അഭിപ്രായപ്പെട്ടതും, ചങ്ങമ്പുഴ ഒരു ഉത്തമവിപ്ലവകവിയല്ലെന്നും ഒരു പിന്തിരിപ്പൻ സാഹിത്യകാരൻ മാത്രമാണെന്നും കേരളീയ നിരൂപകരിൽ ഇടതുപക്ഷക്കാർ പോലും തട്ടിമൂളിച്ചതും നോക്കുക! സോമബ്രഹ്മാവിനു ശിവനിൽനിന്നു കിട്ടിയ അനുഭവം ചരിത്രത്തിന്റെ ചാക്രികഗതി ഈ രണ്ടു പേരിലും കൂടി ആവർത്തിപ്പിച്ചതല്ലേ ഇത്? മയോക്കോവ്സ്ക്കിയുടെ മട്ടിലുള്ള വളരെ നല്ല ഒരു ഫ്യൂച്ചൂറിസ്റ്റ് പാട്ടുകാവ്യമാണ് വാസനാനുഗൃഹീതനായ ശ്രീ: ഇടശ്ശേരി ഗോവിന്ദൻനായരുടെ പ്രകൃതഗ്രന്ഥം. ശ്രീ: സി.ജെ. തോമസ്സിന്റെ സരസ

വും, ഉചിതവും, അയൊറൊണി നിറഞ്ഞതുമായ ഒരു കൊച്ചു അവതാരിക ഇതിനെ അലങ്കരിക്കുന്നുമുണ്ട്. ഇന്നു സാധാരണയായി ഭാരതത്തിലെങ്ങും കാണാവുന്നതരത്തിലുള്ള ഒരു തുണിമിൽപണിമുടക്കമാണ് ശക്തിയേറിയ ഈ എപ്പിക്ക്-ലിറിക്ക് കൃതിയുടെ വിഷയം. ഇതിലെ ധീരോദാത്തനായകൻ തൊഴിലാളിരാമന്ന് ഈ പണിമുടക്കു വരുത്തിവെച്ച കഷ്ടപ്പാടുകൾ ചുവടെ ചേർക്കുന്നപ്രകാരം ഹൃദയസ്പൃക്കായ രീതിയിൽ വർണ്ണിച്ചുകൊണ്ടു കാവ്യം തുടങ്ങുന്നു: -

“തുണിനെയ്യും മില്ലിൽ പണിമുടക്കം,
പണിയില്ല, പട്ടിണി നാൾവഴക്കം
ഒരുമാസമുന്തിക്കഴിച്ചുകൂട്ടി;
പൊറുതിയില്ലെങ്ങുമേ പോക്കു മുട്ടി.
അഴലും പൊരിച്ചലും വീട്ടിനുള്ളിൽ,
തൊഴിയുമിടിയും പെരുവഴിയിൽ.
തൊഴിലാളിരാമന്നു ദുർഭഗമാം
നിഴലാണിപ്പാരൊക്കെയെന്നുതോന്നി.
നിഴൽതാനായ്ഗ്ഗേഹിനി, മാറുണങ്ങി-
ച്ചുളിചൂചുകം കാർന്നു കൊച്ചുപൈതൽ-
അതിനുമേലൊമ്പതു മക്കൾ, അയ്യോ,
വയർതൂങ്ങിക്കൂരച്ചോരൊമ്പതെണ്ണം!
വെറുകയ്യായ്ത്താനെത്തുമന്തികളിൽ-
ത്തുറുകണ്ണിരുപതും ചൂഴ്ന്നുനിൽക്കെ,
ഇടനെഞ്ഞുടഞ്ഞവൻ മുട്ടുകെട്ടി
മുഖമതിൽ താഴ്ത്തി മുടിഞ്ഞിരിക്കും;
മുതിരും കിടാങ്ങളതന്വേഷിക്കും;
തുണിമില്ലെന്തച്ഛാ, തുറക്കുകില്ലേ?”

അപ്പോൾ, തുണിമില്ലിലെ മുതലാളി എന്താണ് ചെയ്തിരുന്നത്?

“മുതലാളി ദീക്ഷിപ്പൂ ദീർഘസത്രം
വധുവൊത്തു സന്താനലാഭസൂത്രം:
ഇരുപത്തിയൊന്നു ദിനങ്ങളോളം
വരുവോർക്കും പോവോർക്കുമന്നദാനം,
ഒരു യജ്ഞകുണ്ഡത്തിൽ ദിവ്യമന്ത്ര-
സഹിതമാജ്യാദികനിത്യഹോമം.
പണമിട്ടെമ്പാടുമിടിച്ചുതെള്ളി;
പരലോകനന്മയ്ക്കു വേണ്ടതല്ലോ!”

“തൊഴിലാളി തൂകിയ കണ്ണുനീരിൻ പുളി നക്കി നൊട്ടും കരിങ്കാലികൾ”

മില്ലിൽ കേറിയിട്ടും, ഇവരെ തടയുവാനിറങ്ങിയ തൊഴിലാളികൾക്കു ലാത്തിയും തോക്കും മുഖേന എല്ലൊടിയുകയും, രാമനുതന്നെ ഒരു അടികൊണ്ടു ഒരു കാലിനു മുടന്തു പറ്റുകയും ചെയ്തിട്ടും തൊഴിലാളികൾ,

“കുഴിവെട്ടിമൂടുക വേദനകൾ,
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ.
പ്രതിരോധമൊക്കെയും തട്ടിനീക്കി-
ക്കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ”

എന്നു പാടി മാർച്ചു ചെയ്തുകൊണ്ടു സ്ഥിരനിശ്ചയപൂർവ്വം പണിമുടക്കു തുടർന്നുവന്നു.

ഇന്നത്തെ ഭാരതത്തിന്റെ സാമാന്യസ്ഥിതിക്കു പറ്റിയ ഒരു സിംബോളിസമാണിത്. ശ്രീ. തകഴിയുടെ ‘തലയോടു’ നിരൂപണം ചെയ്തപ്പോൾ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നതും, യൂണിറ്റിൽത്തന്നെ ഡിസയിനെ കാണിക്കുന്നതുമായ എൽഗ്രേക്കോയുടേയും വാൻഗോഗിന്റേയും ചിത്രകലാമാർഗ്ഗത്തോടു സാദൃശ്യമുള്ള ഒരു സാങ്കേതികമാർഗ്ഗമാണിത്. ഇഹപരങ്ങളിലെ അന്തിമനന്മയ്ക്കുതകുന്ന ധനോല്പാദനം വർദ്ധിപ്പിക്കുവാൻ പട്ടിണി കിടന്നുപോലും അഹോരാത്രം വേല ചെയ്യേണ്ടതാണ് ദേശഭക്തനായ ഒരു തൊഴിലാളിയുടെ ധർമ്മമെന്നു കൊട്ടിഘോഷിക്കുക; ഈ പട്ടിണി വർദ്ധിപ്പിക്കുകയും മുതലാളിയുടെ പണസ്സഞ്ചിയും പ്രതാപവും വീർപ്പിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായ ആഹാരാദിസാധനനിയന്ത്രണഖണ്ഡനം നടത്തുക; പട്ടിണിപീഡ താങ്ങുന്നതിനുതകുന്ന ആരോഗ്യപരിപാലനാദി പദ്ധതികൾക്ക് ഉപകരിച്ചേക്കാവുന്ന ഇപ്പോഴുള്ള വരവിനെപ്പോലും മദ്യവർജ്ജനാദികളായ വിണ്ണിനു മാത്രം യോജിച്ച യജ്ഞപദ്ധതികൾക്കായി വാരിക്ക

ളയുക; കണ്ണിറുക്കിയടച്ചിരിക്കുന്ന ലോകത്തിന്റെ കണ്ണു തുറപ്പിച്ചു തങ്ങളുടെ സങ്കടം ധരിപ്പിക്കുവാൻ തൊഴിലാളിവർഗ്ഗം സ്വീകരിച്ചുവരുന്ന പണിമുടക്കാദിയായ പ്രവർത്തനങ്ങളെ വിധ്വംസനാത്മകമെന്നു കീലടിച്ചു ചതുരുപായങ്ങളും പ്രയോഗിച്ചു അമർത്തുക: ഇവയെല്ലാം ചെയ്തുവരുന്ന ഇവിടത്തെ പിന്നിൽ നോക്കികളും വിണ്ണിൽനോക്കികളുമായ ദേശിയബൂർഷ്വാഗവർമ്മേന്റുകളുടെ ഒരു സിംബളാണ് തുണിമില്ലിലെ മുതലാളി. തങ്ങളുടെ ജന്മാവകാശം മുഴുവനും കണക്കുപറഞ്ഞു വാങ്ങിക്കുവാൻ ശ്രമിക്കുന്ന ഭാരതത്തിലെ ചുറ്റുംനോക്കികളായ ചുണയൻതൊഴിലാളിവിഭാഗത്തിന്റെ ഒരു സിംബളാണ് തൊഴിലാളിരാമൻ. ദേശീയഗവർമ്മേന്റുകളുടെ ക്ഷമാവേദാന്തം തൊഴിലാളിലോകത്തിനു പുരുഷപ്രാപ്തി നൽകിയ രണ്ടാംലോകയുദ്ധത്തിനുമുമ്പുള്ള ബാലപ്രായരായ തൊഴിലാളികൾ ഒരുപക്ഷേ, സ്വീകരിക്കുമായിരുന്നു. ആ യുദ്ധത്തിനുശേഷമുള്ള തൊഴിലാളികൾ ഈ ദേശീയവേദാന്തം സ്വീകരിക്കുന്നതല്ല. രണ്ടാംലോകയുദ്ധം തൊഴിലാളിലോകത്തിൽ വരുത്തിവെച്ച ഈ മാനസികപരിവർത്തനം മനസ്സിലാക്കി തദനുസരണം പ്രവർത്തിക്കുവാൻ ഇന്നത്തെ ദേശീയഗവർമ്മേന്റുകൾക്കുള്ള കഴിവില്ലായ്മയാണ് ഇന്ന് ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ട്രാജഡിയുടെ മുഖ്യകാരണം.

തുണിമില്ലിലെ മുതലാളിയുടെ പുത്രകാമേഷ്ടിയുടെ പതിനൊന്നാംദിവസം നടന്ന ആയിരം പാവങ്ങൾക്കുള്ള സദ്യയിൽ പങ്കുകൊണ്ടതിന്റെ ഫലമായി രാമന്റെ ഒമ്പത് ഇളയ മക്കളും വയറിളക്കം പിടിപെട്ടു മരിക്കുന്നു. ശേഷിച്ച മൂത്തമകനും ഒടുക്കം അതു പിടിപെട്ടപ്പോൾ, തള്ള മകനെ കെട്ടിപ്പിടിച്ചുകൊണ്ട്, 'ഇതിനെത്തരില്ല, തരില്ലതന്നെ' എന്നു മൃത്യുവിനോടു കെഞ്ചിയിട്ടും ഫലമൊന്നുമുണ്ടായില്ല. ഈ ബാലന്റെ മൃതശരീരം കുഴിച്ചിടുന്ന രംഗവും, അതേസമയത്തുതന്നെ മുതലാളിയുടെ ഭവനത്തിൽ നടന്നിരുന്ന രംഗവും താരതമ്യപ്പെടുത്തി ഒന്നിച്ചു വർണ്ണിച്ചിരിക്കുന്ന പ്രകൃതകൃതിയുടെ ഏഴാംഭാഗത്തിൽ, ഇടശ്ശേരിയുടെ കലാവൈഭവവും, കാവ്യരീതിയുടെ ചില പ്രധാനഘടകങ്ങളായ ഡെപ്തും (ധ്വന്യാത്മകത്വവും) അയൊറൊണിയും മറ്റും തെളിഞ്ഞുകാണാം. ഇതിന്റെ ചില ഭാഗങ്ങൾ ചുവടെ ഉദ്ധരിക്കുന്നു:-

"തൊലിവിണ്ടിലപോയ് വെറുങ്ങലിച്ചു-
ള്ളൊരു പൂളച്ചോട്ടിലെ പുൽത്തറമേൽ
അവനെക്കിടത്തി;യടുത്തിരുന്നി-
ട്ടവൾ, പത്തു പൈതലിൻ ജന്മദാത്രി;
കരിമുഖം താഴ്ത്തീട്ടു വീണ്ടും വീണ്ടും
വിരൽ മടക്കുന്നൂ വിചാരശൂന്യം!
തളിരുകൾ നോക്കിക്കുഴഞ്ഞുപോയി
തരുവൃന്ദമങ്ങു പകച്ചുനിൽക്കെ
കുടിലാഗ്രമായൊരക്കൈക്കോട്ടേന്തി-
ക്കുഴിവെട്ടി പത്താമത്തേതുമച്ഛൻ,
ഇളതാം നെറുക മുടിയിറക്കും
പരിചിൽപ്പുതുമഴപ്പുൽകൾ ചെത്തി
കുതിർമണ്ണിൻകട്ടകൾ കോരിക്കോരി-
കുഴിവെട്ടി പത്താമത്തേതുമച്ഛൻ!
അതിലേയ്ക്കിറക്കിനാർ പിന്നെ മന്ദ-
മുടുതുണിച്ചീന്തിൽ പൊതിഞ്ഞ ദേഹം.
മലരിട്ടാൾ വഹ്നിയിൽ ദേശികന്റെ
മധുരനിർദ്ദേശപ്പടി ഗൃഹിണി.
പരിശുദ്ധധൂമമദ്ദമ്പതിമാ-
ർക്കെരിയുന്ന കൺകളിൽ നീരുയർത്തി.
ഒരു പിടി മണ്ണെടുത്താജ്ഞപോലാ-
ച്ചെറുമെയ്യിൽ ക്ഷേപിച്ചാൾ പെറ്റൊരമ്മ.
അതു നെഞ്ചിൽ വീണുളവായീ ശബ്ദ-
മവസാനത്തേതായി ട്ടമ്മേ'യെന്നോ!
കരിപുക പൊങ്ങിയിരുണ്ടു കൺക-
ളിരുവരും കെട്ടിപ്പിടിച്ചു തേങ്ങീ.
ശുഭദമാം സന്താനയജ്ഞമേകും
സുഖിതമനോരഥമേറുവാനോ
പ്രഭൂ നീട്ടും കൈകളിൽച്ചാഞ്ഞണഞ്ഞാൾ
സുചിരവ്രതക്ഷീണലോലഗാത്രി."

അനന്തരം രാമൻ മകനെ കുഴിച്ചിട്ട എരിയുടെ ഇടനെഞ്ചത്തു ശക്തിപൂർവ്വം കൈക്കോട്ടുയർത്തി ഇടിക്കുകയും, 'പൊട്ടരുതൊറ്റക്കൂമ്പും കുടിലദുമ്മർത്ത്യതേ നിൻ കടയ്ക്കൽ' എന്ന് അലറുകയും ചെയ്യുന്നു. മരിച്ച മക്കളുടെ സംഖ്യ തൊഴിലാളിത്തള്ളവിരലുമടക്കി എണ്ണുന്നതും, നിലത്തിട്ടു തന്തത്തൊഴിലാളി ഇടിക്കുന്നതും മാത്രം ചിത്രീകരിച്ച് അനേകം ദീർഘവർണ്ണനകൾക്കു സാധിക്കാത്ത ഫലം ഇടശ്ശേരി വരുത്തിയിരിക്കുന്നു. അനന്തരം ആ തള്ള,

'കുഴിവെട്ടി മൂടുക വേദനകൾ,
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ'

എന്നു പാടിക്കൊണ്ടു റോഡിൽക്കൂടി മാർച്ചു ചെയ്തുപോയ പണിമുടക്കുകാരുടെ പാട്ടു കേട്ടു, തന്റെ വ്യക്തിപരമായ സങ്കടം തന്റെ സാമ്പത്തികവർഗ്ഗത്തിന്റെ സങ്കടമാക്കി ഉയർത്തി ആ പാട്ട് ഏറ്റുപാടി സമാധാനമടയുന്നതും ശ്രേഷ്ഠമായ ഈ ഫ്യൂച്ചുറിസ്റ്റ് കാവ്യത്തിനു മകുടം ചാർത്തുന്ന ഒരു രംഗം തന്നെയാണ്.

(മംഗളോദയം ...)